## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.257 — 26.09.2016 ൽ മറുപടിയ്ക്ക്

## അവശ്യ സാധനങ്ങളുടെ വിലനിയന്ത്രണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഓണം ബക്രീദ് ആഘോഷക്കാലത്ത് അവശ്യ സാധനങ്ങളുടെ വിലനിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (എ) | ഈ വർഷത്തെ ഓണം, ബക്രീദ് ഉൽസവക്കാലത്ത് നിലവിലുള്ള വിൽപ്പനശാല കൾക്കു പുറമേ, 14 ജില്ലാ ആസ്ഥാനങ്ങളിലും 75 താലൂക്ക് ആസ്ഥാനങ്ങളിലും മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകൾ ഉൾപ്പെടെ 1464 ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം പ്രവർത്തിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റു '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. ഓണ ചന്തകൾ വഴി പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. സപ്ലൈകോയുടെ എല്ലാ വിൽപ്പനശാലകളും ഓണം മിനിഫെയറുകളായി പ്രവർത്തിച്ചു. എല്ലാ കാർഡുടമകൾക്കും ഒരു കിലോ സ്പെഷ്യൽ പഞ്ചസാര വിതരണം, എല്ലാ BPL കാർഡുടമകൾക്കും സൗജന്യ ഓണക്കിറ്റ് എന്നിവ സപ്ലൈകോ വിതരണം ചെയ്തു. അങ്ങനെ കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, ഊഹക്കച്ചവടം എന്നിവ മൂലമുള്ള കൃത്രിമ ക്ഷാമം, കൃത്രിമ വിലക്കയറ്റത്തിനുള്ള സാധ്യത എന്നിവ ഇല്ലാതാക്കാൻ സപ്ലൈകോയ്ക്ക് കഴിഞ്ഞു. |
| (ബി) പ്രസ്തുത ആഘോഷക്കാലത്ത് പ്രത്യേക വിപണികളിലൂടെ സപ്ലൈകോ എത്ര രൂപയുടെ വിറ്റുവരവ് നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | ഈ ഓണക്കാലത്ത് പ്രത്യേക വിപണികളിൽക്കൂടി 24.22 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ